9 (*402) ഡി.പി.സി. കൂടുന്നതിനുള്ള കാലതാമസം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.സി. കൂടി ശുപാർശ ചെയ്യാത്തതുമൂലം സംസ്ഥാന സർക്കാരിനുകീഴിലെ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(സി) താൽക്കാലിക പ്രൊമോഷനുകൾ നൽകുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) താൽക്കാലിക പ്രൊമോഷൻ നൽകുന്നകാര്യത്തിൽ ഇളവ് നൽകാൻ കോടതിവിധിയുടെ വെളിച്ചത്തിൽ ഗവൺമെന്റിന് അധികാരമുണ്ടോ;

(ഇ) താൽക്കാലിക പ്രൊമോഷൻ നൽകുന്ന കാര്യത്തിൽ സർക്കാർ ഏതെങ്കിലും നിർദ്ദേശം ഈയിടെ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ:

(എഫ്) ചില പ്രത്യേക വിഭാഗത്തിൽ വരുന്നവർക്കുമാത്രം ഇളവു നൽകുന്ന രീതി അവലംബിച്ചിട്ടുണ്ടോ; എങ്കിൽ അത് അഴിമതിക്ക് കാരണമാകുമോ;

(ജി) ഡി.പി.സി. കൂടി ഓരോ വകുപ്പിലും പ്രൊമോഷന് യോഗ്യരായവരെ നിശ്ചയിക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ;

(എച്ച്) ഉയർന്ന തസ്തികകളിലേക്കുള്ള പ്രൊമോഷൻ നടത്താത്തതുമൂലം താഴ്ന്ന തസ്തികകളിൽ ഒഴിവുണ്ടാകുന്നില്ലെന്നും, തൻമൂലം പുതിയ നിയമനങ്ങൾ തടയപ്പെടുന്നുമെന്നുമുള്ള വസ്തുത ഗവൺമെന്റിന് അറിവുണ്ടോ;

(ഐ) ഒഴിവുള്ള എല്ലാ ഉയർന്ന തസ്തികകളിലും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ നിയമനം നടത്തണമെന്നും പി.എസ്.സി. യെ അറിയിക്കേണ്ട ഒഴിവുകൾ ഉടനടി പി.എസ്.സി.യെ അറിയിക്കണമെന്നും എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം പ്രൊമോഷൻ നടത്താനാവാതെ ഏതാനും വകുപ്പുകളിൽ ചില തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) എല്ലാ വകുപ്പുകളിലും യഥാസമയം റഗുലർ പ്രൊമോഷൻ നടത്തുന്നതിനുവേണ്ടി ഡി.പി.സി.കൾ കൂടുന്നതിനും പ്രൊമോഷന് യോഗ്യരായവരുടെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും എല്ലാ വകുപ്പു മേധാവി

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി വിലയിരുത്തുന്നതിന് വകുപ്പ് സെക്രട്ടറിമാരുമായും വകുപ്പ് തലവന്മാരുമായും ചീഫ് സെക്രട്ടറി അവലോകന മീറ്റിംഗുകൾ നടത്തുന്നുമുണ്ട്.

(സി) താൽക്കാലിക പ്രമോഷനുകൾ നൽകുന്നത് സംബന്ധിച്ച് പൊതുവായ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കോടതി നിർദ്ദേശങ്ങളൊന്നും നിലവിലില്ല. എന്നാൽ വർഷങ്ങളായി ഭൂരിപക്ഷം വകുപ്പുകളിലും താൽക്കാലിക പ്രൊമോഷനുകൾ മാത്രം നടത്തിയിരുന്നതുകൊണ്ട് സർവ്വീസ്/സീനിയോറിട്ടി സംബന്ധിച്ച നിരവധി തർക്കങ്ങൾ കോടതി കേസ്സുകൾക്ക് വഴി തെളിച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ്, പാർട്ട് II ലെ റൂൾ 31(എ) (1) പ്രകാരമാണ് താൽക്കാലിക പ്രൊമോഷനുകൾ നടത്തുന്നത്. ഇപ്രകാരമുള്ള താൽക്കാലിക പ്രൊമോഷനുകൾ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കോടതി നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഇ)&(എഫ്) താൽക്കാലിക പ്രൊമോഷനുകൾ നൽകി വരുന്നതിലെ അപാകതകൾമൂലം 1.10.98- മുതൽ താൽക്കാലിക പ്രൊമോഷനുകൾ നൽകുന്നത് നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ റിട്ടയർ ചെയ്യുവാൻ 6 മാസത്തിൽ താഴെ സർവ്വീസുള്ള ജീവനക്കാർക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രൊമോഷൻ നൽകേണ്ടതായി കൂടുതൽ സീനിയർ ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ ഇങ്ങനെയുള്ള കേസ്സുകൾ മുഖ്യമന്ത്രിയുടെ അനുമതിയോടെ താൽക്കാലിക പ്രൊമോഷനുകൾ നൽകുന്നതിന് 3.6.1999-ലെ 5328/റൂൾസ്1/99/പി ആന്റ് എ.ആർ.ഡി സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് താൽക്കാലിക പ്രമോഷൻ അനുവദിക്കുന്നത് അഴിമതിക്ക് കാരണമാകുമെന്ന് കരുതുന്നില്ല.

(ജി) സ്പെഷ്യൽ റൂളുകളുടെ അഭാവം, കാലാകാലങ്ങളിൽ സ്പെഷ്യൽ റൂളുകൾ പരിഷ്ക്കരിക്കാതിരിക്കുക, കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതിരിക്കുക, യഥാസമയം പ്രൊമോഷൻ പൂർത്തിയാക്കിയവരുടെ ലിസ്റ്റ് യഥാസമയം പ്രഖ്യാപിക്കാതിരിക്കുക, സർവ്വീസ്/സീനിയോറിറ്റി സംബന്ധിച്ച കോടതി തർക്കങ്ങൾ തുടങ്ങിയവയാണ് ഡി.പി.സി. കൂടി ഓരോ വകുപ്പിലും പ്രൊമോഷന് യോഗ്യരായവരെ നിശ്ചയിക്കുവാൻ കാലതാമസമുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ.

(എച്ച്) അർഹരായവർക്കുമാത്രം യഥാസമയം പ്രൊമോഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനാണ് താൽക്കാലിക പ്രൊമോഷനുകൾ നടത്തുന്നത് നിറുത്തലാക്കിയിട്ടുള്ളത്. ഏതാനും ചില വകുപ്പുകളിൽ ഡി.പി.സി കൂടുന്നതിലെ കാലതാമസംമൂലം ഉയർന്ന തസ്തികകളിലേക്ക് പ്രമോഷൻ നടത്തുവാൻ കഴിയാതെവന്നിട്ടുണ്ട്. ഇങ്ങനെയുള്ള തസ്തികകളുടെ ഫീഡർ തസ്തികകളിൽ ഒഴിവു വരാത്തതുമൂലം പുതിയ നിയമനങ്ങൾക്ക് വേക്കൻസി ചെറിയ കാലയളവിലേക്ക് ഉണ്ടാകുന്നില്ല.

(ഐ) ഉയർന്ന തസ്തികകൾ കാലതാമസം കൂടാതെ നികത്തുന്നതിനും, പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലേയും ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.യെ അറിയിക്കുന്നതിനും എല്ലാവകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനഅധികാരികൾക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി 18.2.1999-ലെ

LIBRARY ARCHIVES Kerala Legislative Assembly

1634/അഡ്വൈസ് സി 3/99/പി ആന്റ് എ ആർ ഡി സർക്കുലറിലും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

10 (*403) മായംചേർത്ത വസ്തുക്കളുടെ വിപണനം തടയാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന് 98-99-ൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മായം ചേർത്ത വെളിച്ചെണ്ണ സംസ്ഥാന വിപണിയിൽ വ്യാപകമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മായം ചേർത്ത വെളിച്ചെണ്ണ തടയാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) വെളിച്ചെണ്ണയേക്കാൾ വില കുറഞ്ഞ പാമോയിൽ ചേർത്താണ് വിപണനം വ്യാപകമാക്കിയിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വ്യാജ വെളിച്ചെണ്ണ വ്യാപകമായതോടെ സംസ്ഥാനത്തെ ചെറുകിട മില്ലുടമകൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനത്ത് മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) മായം ചേർക്കൽ തടയുന്നതിന് ഹോട്ടലുകളിലും കടകളിലും പരിശോധന നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ;

(ഐ) ഹോട്ടലുകളിൽ പഴകിയ ആഹാര പദാർത്ഥങ്ങൾ വിൽക്കുന്ന കച്ചവടക്കാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; കർശനമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ആഹാരസാധനങ്ങളിൽ മായംചേർക്കൽ തടയുന്നതിനായി മായംചേർക്കൽ നിരോധന നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 82 ഫുഡ് ഇൻസ്പെക്ടർമാർ ഉൾപ്പെട്ടതാണ് മായം ചേർക്കൽ നിരോധന വിഭാഗം. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ആഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ ഉള്ള ഫുഡ് ഇൻസ്പെക്ടർ ഓഫീസ്, മൂന്ന് റീജിയണിലായി പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ്, ജില്ലാ ഫുഡ് ഇൻസ്പെക്ടർ ആഫീസ് കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴി

LIBRARY ARCHIVES Kerala Legislative Assembly